# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *450** | **21.03.2018-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്ന് ഡി.എം.ആർ.സി. പിൻവാങ്ങാനുള്ള സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, കെ.മുരളീധരൻ<br>,, വി.എസ്.ശിവകുമാർ<br>,, എം. വിൻസെന്റ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരളത്തിലെ പ്രധാന നഗരങ്ങളിൽ ആധുനിക പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കുവാൻ നിശ്ചയിച്ചിരുന്ന ലൈറ്റ് മെട്രോ പദ്ധതിയിൽ നിന്ന് ഡി.എം.ആർ.സി. പിൻവാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;<br><br>(ബി) പദ്ധതിയിൽ സർക്കാരിനുള്ള താല്പര്യക്കുറവാണ് ഡി.എം.ആർ.സി യുടെ പിൻമാറ്റത്തിന് കാരണമെന്നത് വസ്തുതയാണോ; ഇക്കാര്യം സംബന്ധിച്ച് ഇ. ശ്രീധരൻ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; | (എ) & (ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതായി അറിയിച്ചുകൊണ്ട് ഡി.എം.ആർ.സി 16.02.2018 ൽ കത്ത് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ ജോലികൾ സംബന്ധിച്ച കരാർ ഒപ്പുവയ്ക്കാത്തതാണ് ഡി.എം.ആർ.സി പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതിനുള്ള കാരണങ്ങളിലൊന്നായി അവർ അറിയിച്ചിട്ടുള്ളത്.<br>മറ്റൊരു കാരണമായി ഡി.എം.ആർ.സി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിൽ സംസ്ഥാന സർക്കാർ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്നാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി |

ഡി.എം.ആർ.സി പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതി രേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചു വരികയാണ്. പ്രസ്തുത സമിതിയുടെ പരിശോധനയ്ക്ക് ശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ലൈറ്റ് മെട്രോ പദ്ധതിക്ക് വേണ്ടിയുള്ള മേൽപ്പാല നിർമ്മാണ ചുമതലയിൽ നിന്ന് ഡി.എം.ആർ.സി. യെ ഒഴിവാക്കി ദർഘാസ് വിളിക്കുവാൻ കെ.ആർ.ഡി.സി.എൽ. ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ; | (സി) & (ഡി) | തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല ഡി.എം.ആർ.സിക്കു നൽകി 08/09/2016 ലെ ജി.ഒ(എം.എസ്) നം. 67/2016/പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവിറക്കിയിരുന്നു. 18/12//2017 ന് കൂടിയ കെ.ആർ.ടി.എൽ ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ ഏൽപ്പിക്കുന്നതിന് പകരം, ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനുമാണ് തീരുമാനിച്ചത്. |
| (ഡി) | ഇതിന്റെ നിർമ്മാണ ചുമതല ഡി.എം.ആർ.സി.ക്ക് നൽകി 2016 സെപ്റ്റംബറിൽ സർക്കാർ ഉത്തരവിറക്കിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ